"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2019-20 വർഷത്തെ മികച്ച ത്രിതല പഞ്ചായത്തുകളെ തെരഞ്ഞടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.150/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/01/2021

---

പരാമർശം:- 1 25/1/2020-ലെ സ.ഉ.(സാധാ) നം.212/2020/തസ്വഭവ. നമ്പർ ഉത്തരവ്.

2 പഞ്ചായത്ത് ഡയറക്ടറുടെ 19/12/2020-ലെയും 12/1/2021-ലെയും PAN/13978/2020-G2(DP) നമ്പർ കത്ത്.

3 5/1/2021-ലെ ഗ്രാമ വികസന കമ്മീഷണറുടെ DP5/12046/2020/സി.ആർ.ഡി നമ്പർ കത്ത്.

4 ത്രിതല പഞ്ചായത്തുകൾക്ക് പുരസ്കാരങ്ങൾ നിശ്ചയിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി 1/1/2021-ൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്.

5 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 4/1/2021-ലെ 13/MGNREGS/2020-21/Mahatma Award നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2019-20 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി പദ്ധതി ആസൂത്രണ നിർവ്വഹണത്തിന്റെയും ഭരണ നിർവ്വഹണത്തിലെ മികവിന്റെയും അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് നൽകുന്ന പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സമിതി 01.01.2021-ൽ പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ പുരസ്കാരങ്ങൾക്കുള്ള മാനദണ്ഡങ്ങൾ/മാനദണ്ഡങ്ങളിലെ മാറ്റങ്ങൾ എന്നിവ പഞ്ചായത്ത് ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ എന്നിവർ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സ്വരാജ് ട്രോഫിയ്ക്കായി മികച്ച ഗ്രാമ/ജില്ലാ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (1)-ലെ ഉത്തരവ് പ്രകാരം മുൻ വർഷം അംഗീകരിച്ച് നല്കിയ മാനദണ്ഡങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളും മികച്ച ബ്ലോക്ക് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങളും മഹാത്മാ അവാർഡിന് മികച്ച ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങളും ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**യു വി ജോസ് ഐ എ എസ്**

**അഡിഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
മെമ്പർ, ഡീസെൻട്രലൈസ്ഡ് പ്ലാനിങ്ങ്, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by Pradeesh Kumar M K
Date: 2021.01.20 13:43:02 IST
Reason: Approved

സെക്ഷൻ ഓഫീസർ

**2019–20 -ലെ മികച്ച ഗ്രാമ/ജില്ലാ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നിലവിലുള്ള സർക്കാർ ഉത്തരവിലെ (സ.ഉ.(സാധ) നം.212/2020/തസ്വഭവ) മാനദണ്ഡങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ**

(പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള 2021 ജനുവരി 1 -ന് യോഗം ചേർന്ന കമ്മിറ്റിയുടെ ശുപാർശ പ്രകാരം)

## ഗ്രാമപഞ്ചായത്തുകൾ

| ക്രമ നം. | നിലവിലെ ഉത്തരവിലെ മാനദണ്ഡ നമ്പർ | മാനദണ്ഡം | മാർക്ക് | നമ്പർ | പുതുക്കേണ്ട മാനദണ്ഡം | മാർക്ക് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | A1 | 3 ഗ്രാമസഭകൾ കൂടിയിരിക്കണം (ഗ്രാമസഭ മിനിട്ട്സ് പൂർത്തീയായിരിക്കണം) | | A1 | 2 ഗ്രാമസഭകൾ കൂടിയിരിക്കണം (ഗ്രാമസഭ മിനിട്ട്സ് പൂർത്തീയായിരിക്കണം) | | കോവിഡിന്റെ പഞ്ചാത്തലത്തിൽ 2000 ജനുവരി മുതൽ ഗ്രാമസഭകൾ യോഗം ചേരുന്നതിന് കഴിഞ്ഞില്ല. |
| 2. | A2 | അവാർഡ് വർഷം വികസന ഫണ്ട് (സ്പിൽ ഓവർ ഒഴികെ) 80% ചെലവഴിച്ചിരിക്കണം (എസ്.സി.എസ്.പി/റ്റി.എസ്.പി എന്നീ ഇനങ്ങളിൽ 80% കുറയാതെ (13þmw ധനകാര്യ കമ്മീഷൻ ധനസഹായം കണക്കാക്കേണ്ടതില്ല ) | | A2 | അവാർഡ് വർഷം വികസന ഫണ്ട് സ്പിൽ ഓവർ ഉൾപ്പെടെ 75% ചെലവഴിച്ചിരിക്കണം (എസ്.സി.എസ്.പി/റ്റി.എസ്.പി എന്നീ ഇനങ്ങളിൽ 75% ത്തിൽ കുറയാതെ (13–ാം ധനകാര്യ കമ്മീഷൻ ധനസഹായം കണക്കാക്കേണ്ടതില്ല ) | | കോവിഡിന്റെ പഞ്ചാത്തലത്തിൽ 2019–20 -ലെ അവസാന പാദത്തിൽ ഓഫീസ് പ്രവർത്തനം പൂർണ്ണമായും നടത്തുന്നതിന് കഴിഞ്ഞിരുന്നില്ല. |
| 3. | A3 | മെയിന്റനൻസ് ഫണ്ട് 75% ചെലവഴിച്ചിരിക്കണം. | | | മെയിന്റനൻസ് ഫണ്ട് 60% ചെലവഴിച്ചിരിക്കണം. | A3 | |
| 4. | A4 | 2018–19 സാമ്പത്തിക വർഷം വസ്തുനികുതി പിരിവ് 75% ത്തിൽ കുറയാതെ കൈവരിക്കണം | | | അവാർഡിന് പരിഗണിക്കുന്ന സാമ്പത്തിക വർഷം വസ്തു നികുതി പിരിവ് 75% ത്തിൽ കുറയാതെ കൈവരിക്കണം | A4 | |
| 5. | A5 | 2018–19 സാമ്പത്തിക വർഷത്തെ എ എസ് നിശ്ചിത.എഫ്.സമയ പരിധിക്കുള്ളിൽ 31.07.2019)ന് മുമ്പ് ( അപാകത (.സമർപ്പിച്ചിരിക്കണം ചൂണ്ടിക്കാട്ടി മടക്കി അയച്ചവ പരിഗണിക്കു ന്നതല്ല. | | | അവാർഡിന് പരിഗണിക്കുന്ന സാമ്പത്തിക വർഷത്തെ എഎസ് നിശ്ചിത.എഫ്. സമയ പരിധിക്കുള്ളിൽ സമർപ്പിച്ചിരിക്കണം. അപാകത ചൂണ്ടിക്കാട്ടി മടക്കി അയച്ചവ പരിഗണിക്കുന്നതല്ല. | A5 | |
| 6. | BI i | 2018–19 വർഷം 4 ഗ്രാമസഭകൾ ചേർന്നിട്ടുണ്ടെങ്കിൽ (സ്പെഷ്യൽ ഗ്രാമസഭകൾ ഒഴികെ) | 2 | BI i | അവാർഡിന് പരിഗണിക്കുന്ന സാമ്പത്തിക വർഷം 3 ഗ്രാമ സഭകൾ ചേർന്നിട്ടുണ്ടെങ്കിൽ (സ്പെഷ്യൽ ഗ്രാമസഭകൾ ഒഴികെ) | 2 | കോവിഡിന്റെ പഞ്ചാത്തലത്തിൽ 2000 ജനുവരി മുതൽ ഗ്രാമസഭകൾ യോഗം ചേരുന്നതിന് കഴിഞ്ഞില്ല. |

| | | | | | | | |
|---|---|---|---|---|---|---|---|
| 7. | BII a | ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം 12 സാധാരണ യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗത്തിനും ½ മാർക്ക് വീതം പരമാവധി 4 മാർക്ക് നൽകാവുന്നതാണ്. മെമ്പർമാരുടെ ഹാജർ 80% ൽ അധികമായിരിക്കണം. | 4 | BII a | ഗ്രാമപഞ്ചായത്ത് അവാർഡിന് പരിഗണിക്കുന്ന സാമ്പത്തിക വർഷം 12 സാധാരണ യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗത്തിനും ½ മാർക്ക് വീതം പരമാവധി 4 മാർക്ക് നൽകാവുന്നതാണ്. മെമ്പർമാ രുടെ ഹാജർ 80% ൽ അധികമായിരിക്കണം. | 4 | |
| 8. | VI 1 a | പദ്ധതി വിഹിതം ചെലവ് (സ്പിൽ ഓവർ ഒഴികെ) 80% ന് മുകളിൽ 100 വരെ ( 4 മാർക്ക് ) | | VI 1 a | പദ്ധതി വിഹിതം ചെലവ് (സ്പിൽ ഓവർ ഉൾപ്പെടെ) 75% ന് മുകളിൽ 100 വരെ (4 മാർക്ക് ) | | |
| 9. | VI 1 a i | 80% - ന് മുകളിൽ 90% വരെ | 2 | VI 1 a i | 75% - ന് മുകളിൽ 90% വരെ | 2 | |
| 10. | VI 5 | 2018-19 വർഷത്തിലെ പദ്ധതി ഡി.പി.സിക്ക് 05.05.2018- ന് മുമ്പ് അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെങ്കിൽ | 1 | VI 5 | (മാനദണ്ഡം ഒഴിവാക്കാം) | | കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളും 2019 ഡിസംബറിൽ തന്നെ പദ്ധതിക്ക് അംഗീകാരം നേടിയിരുന്നു. |
| 11. | VI 5 | (നിലവിലെ ഉത്തരവിലെ മാനദണ്ഡം മേൽപ്പറഞ്ഞ പ്രകാരം ഒഴിവാക്കുമ്പോൾ പകരം ഉൾപ്പെടുത്തേണ്ടത്. ) | | VI 5 | ദുരന്തനിവാരണ പദ്ധതി തയ്യാറാക്കി അവാർഡ് വർഷം അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ | 1 | പുരസ്കാരങ്ങളുടെ മാന ദണ്ഡങ്ങൾ നിശ്ചയിക്കുന്നതി നുള്ള കമ്മിറ്റിയുടെ ശുപാർശ. |
| 12. | VI 6 | സ്പിൽ ഓവർ ഒഴികെ പൊതുവിഭാഗം ചെലവ് ശതമാനത്തിന് തുല്യമായോ അതിൽ കൂടുതലോ എസ്.സി, എസി.റ്റി. വിഭാഗത്തിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ | 2 മാർക്ക് | VI 6 | സ്പിൽ ഓവർ ഒഴികെ പൊതുവിഭാഗം ചെലവ് ശതമാനത്തിന് തുല്യമായോ അതിൽ കൂടുതലോ എസ്.സി, എസി.റ്റി. വിഭാഗത്തിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ | 1 മാർക്ക് | മൊത്തം മാർക്ക് 100 -ൽ നിജപ്പെടുത്തുന്നതിനായി പരിമിതപ്പെടുത്തിയത്. |
| 13. | VIII | 1. ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി 100% വീടുകൾ പൂർത്തീകരിച്ചവർക്ക്<br>2. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ അർഹരെന്ന് കണ്ടെത്തിയ ഗുണഭോക്താക്കളിൽ മുഴുവൻ പേരുമായി ഗ്രാമപഞ്ചാ യത്ത് കരാർ ഒപ്പിട്ടുണ്ടെങ്കിൽ | 2 | VIII | ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 100% വീടുകൾ പൂർത്തീകരിച്ചവർക്ക് | 2 | 2020 ജനുവരിയിൽ മുഖ്യമന്ത്രി ലൈഫ് മിഷനിൽ 2 ലക്ഷത്തിലധികം വീടുകൾ പൂർത്തീകരിച്ചതിന്റെ സംസ്ഥാന തല ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. |
| 14. | IX. | തനതു ഫണ്ട് ( 6 മാർക്ക് ) | | IX. | തനതു ഫണ്ട് (6 മാർക്ക്) അനുബന്ധം ഉള്ളടക്കം ചെയ്യുന്നു. | | അനുബന്ധമായി ഒരു കോറം ഉൾപ്പെടുത്തുന്നതിലൂടെ പരിശോധന യിൽ കൃത്യത ഉറപ്പാക്കാൻ കഴിയും. |

| | | | | | | | |
|---|---|---|---|---|---|---|---|
| 15. | XI 1 | 80% – ന് | ½ മാർക്ക് | XI 1 | 70% നു മുകളിൽ 80% വരെ | ½ മാർക്ക് | |
| 16. | XI 11 | 81% മുതൽ 85% വരെ | 1 | | 80% മുകളിൽ 85% വരെ | 1 | |
| 17. | XII 1 | 2018–19 വർഷത്തിൽ വാർഡ് തലത്തിൽ, ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക 100% ചെലവ് വരുത്തിയിട്ടുണ്ടെങ്കിൽ (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ) | 1 | XII 1 | അവാർഡിന് പരിഗണിക്കുന്ന വർഷത്തിൽ വാർഡ്തലത്തിൽ, ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക100% ചെലവ് വരുത്തിയിട്ടുണ്ടെങ്കിൽ (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ) | 1 | |
| 18. | XIII | നൂതനവും അനുകരണീയവുമായ പദ്ധതികൾ (3 മാർക്ക് ) | | XIII | നൂതനവും അനുകരണീയവുമായ പദ്ധതികൾ (6 മാർക്ക് ) | | പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾനി ശ്ചയിക്കുന്നതിനുള്ള കമ്മിറ്റിയുടെ ശുപാർശ. |
| 19. | XIII 1 | 2018–19 വർഷത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തിന് ഓരോ പദ്ധതിക്കും ½ മാർക്ക് വീതം | | XIII (i) | നിലവിലുള്ള പദ്ധതിരൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് വിജയ കരമായി നടപ്പിലാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തിന് ഓരോ പദ്ധതിക്കും ½ മാർക്ക് വീതം | | |
| 20. | | | | XIII (ii) | അവാർഡിന് പരിഗണിക്കുന്ന വർഷം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഹരിതകേരളം മിഷൻ വിഭാവനം ചെയ്ത പച്ചതുരുത്ത് പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിൽ | 1 മാർക്ക് | പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റിയുടെ ശുപാർശ. |
| 21. | | | | XIII (iii) | അവാർഡിന് പരിഗണിക്കുന്ന വർഷം വയോജന സൌഹൃദ പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ | 1 മാർക്ക് | പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റിയുടെ ശുപാർശ. |
| 22. | | | | XIII (iv) | അവാർഡിന് പരിഗണിക്കുന്ന വർഷം ബാല സൌഹൃദ പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ | 1 മാർക്ക് | പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റിയുടെ ശുപാർശ. |
| 23. | | | | XIII (v) | അവാർഡിന് പരിഗണിക്കുന്ന വർഷം ഭിന്നശേഷി സൌഹൃദ പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ | 1 മാർക്ക് | പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റിയുടെ ശുപാർശ. |

| | | | | | | | |
|---|---|---|---|---|---|---|---|
| 24. | | | | XIII (vi) | അവാർഡിന് പരിഗണിക്കുന്ന വർഷം അനുപൂരകപോഷകാഹാര പദ്ധതിയിൽ അനുകരണീയ മാതൃകകൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ | 1 മാർക്ക് | പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റിയുടെ ശുപാർശ. |
| 25. | XVI. | ഫ്രണ്ട് ആഫീസ് ( 4 മാർക്ക് )<br>മികച്ച ഫ്രണ്ട് ആഫീസ് ഏർപ്പെടുത്തിയ ഗ്രാമപഞ്ചായ ത്തിന് പരമാവധി 4 മാർക്ക് നൽകേണ്ടതാണ്. | | | ഫ്രണ്ട് ആഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 3 മാർക്ക് നൽകേണ്ടതാണ്. | | |
| 26. | XVI. i | പൊതുജനങ്ങൾക്കായി കിയോസ്ക്ക് സംവിധാനം, ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ | ½ മാർക്ക് | | പൊതുജനങ്ങൾക്കായി കിയോസ്ക്ക് സംവിധാനം, ടോക്കൺ സംവിധാനം ഏർപ്പെടുത്തി പ്രവർത്തന ക്ഷമമാണെങ്കിൽ ½ മാർക്ക് (പ്രവർത്തന ക്ഷമമല്ലെങ്കിൽ ½ മാർക്ക് കുറക്കും (–½ ) | ½ മാർക്ക് | |
| 27. | XVI. ii | പൊതുജനങ്ങൾക്ക് ഇരിപ്പിടം, കുടിവെള്ള സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇല്ലെങ്കിൽ | ½ മാർക്ക്<br><br>(നെഗറ്റീവ് ½ മാർക്ക്) | | മാനദണ്ഡം ഒഴിവാക്കാം | | 939 ഗ്രാമപഞ്ചായത്തുകളും ISOഅംഗീകരാരം ലഭിച്ചിട്ടുള്ളതിനാൽ മാനദണ്ഡത്തിന് പ്രസക്തിയില്ല. |
| 28. | XVI. viii | നിയമാനുസൃത ബോർഡുകൾ എല്ലാം സ്ഥാപിച്ചിട്ടുണ്ടെങ്കിൽ | ½ മാർക്ക് | | മാനദണ്ഡം ഒഴിവാക്കാം | | 939 ഗ്രാമപഞ്ചായത്തുകളും ISOഅംഗീകരാരം ലഭിച്ചിട്ടുള്ളതിനാൽ മാനദണ്ഡത്തിന് പ്രസക്തിയില്ല. |
| 29. | XVII | കമ്പ്യൂട്ടർവൽക്കരണം<br>( 4 മാർക്ക് ) | | XVII | കമ്പ്യൂട്ടർവൽക്കരണം –<br>( 2 മാർക്ക് ) | | |
| 30. | XVII. (i) | (i) സൂചിക (ബാക്ക് ഓഫീസ്) ഫയലുകൾ ഡിജിറ്റൽ സൈൻ ചെയ്ത് ക്ലോസ് ചെയ്തിരിക്കണം. സേവന, (പെൻഷൻ) സേവന (ജനന –മരണ, വിവാഹ രജിസ്ട്രേഷൻ), സഞ്ചയ എന്നീ സോഫ്റ്റ് വെയറുകളിലൂടെ സേവനം നൽകുന്നു ണ്ടെങ്കിൽ (ഓരോന്നിനും ½ മാർക്ക് വീതം) | 2 മാർക്ക് | XVII. (i) | (i) സൂചിക (ബാക്ക് ഓഫീസ്) ഫയലുകൾ ഡിജിറ്റൽ സൈൻ ചെയ്ത്. ക്ലോസ് ചെയ്തിരിക്കണം. | 1 | സേവന,(പെൻഷൻ)സേവന (ജനന–മരണ, വിവാഹ രജിസ്ട്രേഷൻ), സഞ്ചയ എന്നീ സോഫ്റ്റ് വെയറുകളിലൂടെയാണ് നിലവിൽ ഗ്രാമ പഞ്ചായത്തുകൾ സേവനം നൽകിവരുന്നത്എന്നതി . നാൽ മാനദണ്ഡത്തിന് പ്രസക്തിയില്ല. |
| 31. | XVII. (ii) | (ii) ഓൺലൈൻ ടാക്സ് പേയ്മെന്റ് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ | ½ മാർക്ക് | XVII. (ii) | (ii) പേപ്പർലെസ് ഓഫീസ് സംവിധാനം നിലവിൽ വന്നെങ്കിൽ | 1 | ഓൺലൈൻ ടാക്സ് പേയ്മെന്റ് എല്ലായിടവും നടപ്പിലാക്കിയിട്ടുള്ളതിനാൽ മാനദണ്ഡത്തിന് പ്രസക്തിയില്ല. |

| | | | | | | | |
|---|---|---|---|---|---|---|---|
| 32. | XVII. (iii) | (iii) ഓൺലൈൻ സർട്ടിഫിക്കറ്റ് (ഉടമസ്ഥാവകാശം സ്ഥിരതാമസം) ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ | ½ മാർക്ക് | | മാനദണ്ഡം ഒഴിവാക്കാം | | എല്ലായിടവും നടപ്പിലാക്കിയിട്ടുള്ളതിനാൽ മാനദണ്ഡത്തിന് പ്രസക്തിയില്ല. |
| 33. | XVII. (iv) | (iv) പൂർണ്ണമായും സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ടെങ്കിൽ | 1 മാർക്ക് | | മാനദണ്ഡം ഒഴിവാക്കാം | | എല്ലായിടവും നടപ്പിലാക്കിയിട്ടുള്ളതിനാൽ മാനദണ്ഡത്തിന് പ്രസക്തിയില്ല. |
| 34. | XVIII. | ISO സർട്ടിഫിക്കേഷൻ – (1 മാർക്ക് ) | | XVIII. | ISO സർട്ടിഫിക്കേഷൻ | | |
| 35. | XVIII. (I) | (I) 2016-17 വർഷം ISO സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്ത് / ISO സർട്ടിഫിക്കറ്റ് യഥാസമയം പുതുക്കിയിട്ടുണ്ടെങ്കിൽ (ബാധകമാണെങ്കിൽ) | 1 മാർക്ക് | XVIII. (I) | ISO സർട്ടിഫിക്കേഷൻ നിലവിലില്ലെങ്കിലോ നിലനിർത്തിയില്ലെങ്കിലോ ഒരു മാർക്ക് കുറയ്ക്കും. (-1) | | 939 ഗ്രാമപഞ്ചായത്തുകളും ISO അംഗീകരാരം ലഭിച്ചിട്ടുള്ളതിനാൽ മാനദണ്ഡം പരിഷ്കരിക്കേണ്ടതുണ്ട്. |
| 36. | XIX. 7.എ) (i) | 7.എ) (i) കേരള സംസ്ഥാന ആഡിറ്റിന്റെ 2011 വരെയുള്ള എല്ലാ ആഡിറ്റ് പരാമർശങ്ങളും പരിഹരിച്ചിട്ടുണ്ടെങ്കിൽ | ½ മാർക്ക് | XIX. 7.എ) (i) | 7.എ) (i) കേരള സംസ്ഥാന ആഡിറ്റിന്റെ 2012-13 വരെയുള്ള എല്ലാ ആഡിറ്റ് പരാമർശങ്ങളും പരിഹരിച്ചിട്ടുണ്ടെങ്കിൽ | ½ മാർക്ക് | സാമ്പത്തിക വർഷമായി പരിഷ്കരിച്ചിട്ടുണ്ട്. |
| 37. | XIX. 7.എ) (ii) | (ii) കേരള സംസ്ഥാന ആഡിറ്റിന്റെ 2016 വരെയുള്ള എല്ലാ ആഡിറ്റ് പരാമർശങ്ങളും പരിഹരിച്ചിട്ടുണ്ടെങ്കിൽ | ½ മാർക്ക് | XIX. 7.എ) (ii) | (ii) കേരള സംസ്ഥാന ആഡിറ്റിന്റെ 2016-17 വരെയുള്ള എല്ലാ ആഡിറ്റ് പരാമർശങ്ങളും പരിഹരിച്ചിട്ടുണ്ടെങ്കിൽ | ½ മാർക്ക് | സാമ്പത്തിക വർഷമായി പരിഷ്കരിച്ചിട്ടുണ്ട്. |
| 38. | XIX. 15 | 15. 2018-19 വർഷം വരെയുള്ള ആസ്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ | ½ മാർക്ക് | XIX. 15 | അവാർഡിന് പരിഗണിക്കുന്ന വർഷം വരെയുള്ള ആസ്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ | ½ മാർക്ക് | |

## ജില്ലാ പഞ്ചായത്തുകൾ

| ക്രമ നം. | നിലവിലെ ഉത്തരവിലെ മാനദണ്ഡ നമ്പർ | മാനദണ്ഡം | മാർക്ക് | നമ്പർ | പുതുക്കേണ്ട മാനദണ്ഡം | മാർക്ക് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | A1 | അവാർഡ് വർഷം വികസന ഫണ്ട് (സ്പിൽ ഓവർ ഒഴികെ) 65% ചെലവഴിച്ചിരിക്കണം (എസ്.സി.എസ്.പി/റ്റി.എസ്.പി എന്നീ ഇനങ്ങളിൽ 65% കുറയാതെ | | A1 | അവാർഡ് വർഷം വികസന ഫണ്ട് സ്പിൽ ഓവർ ഉൾപ്പെടെ 50% ചെലവഴിച്ചിരിക്കണം | | കോവിഡിന്റെ പഞ്ചാത്തല ത്തിൽ 2019-20 -ലെ അവസാന പാദത്തിൽ ഓഫീസ് പ്രവർത്തനം പൂർണ്ണമായും നടത്തുന്നതിന് കഴിഞ്ഞിരുന്നില്ല. |
| 2. | A2 | മെയിന്റനൻസ് ഫണ്ട് 45% ചെലവഴിച്ചിരിക്കണം. | | A2 | മെയിന്റനൻസ് ഫണ്ട് 40% ചെലവഴിച്ചിരിക്കണം. | A3 | |
| 3. | A3 | 2018-19 സാമ്പത്തികവർഷത്തെ എ.എഫ്.എസ്. നിശ്ചിത തീയതിയ്ക്കകം സമർപ്പിച്ചിരിക്കണം. .31)07.2019) | | A3 | അവാർഡ് വർഷത്തെ എ.എഫ്.എസ്. നിശ്ചിത തീയതിയ്ക്കകം സമർപ്പിച്ചിരിക്കണം. | A5 | |
| 4. | B 1 (i) | 70% -ന് മുതൽ 80% വരെ | മാർക്ക് 1 | B 1 (i) | 50% -ന് മുകളിൽ 80% വരെ | മാർക്ക് 1 | |
| 5. | B 2 (i) | 70% -ന് മുകളിൽ 80% വരെ | 1 മാർക്ക് | B 2 (i) | 50% -ന് മുകളിൽ 80% വരെ | 1 മാർക്ക് | |
| 6. | B 3 (i) | 70% - 80 % വരെ | മാർക്ക് 1 | B 3 (i) | 50% -ന് മുകളിൽ 80% വരെ | 1 മാർക്ക് | |
| 7. | B ll (i) | l) 75% മുതൽ 80 % വരെ | 1 മാർക്ക് | B ll (i) | 50% -ന് മുകളിൽ 80% വരെ | 1 മാർക്ക് | |
| 8. | lll a | ജില്ലാ പഞ്ചായത്ത് 2018- 19 സാമ്പത്തിക വർഷം 12 യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗത്തിനും 1 മാർക്ക് നൽകാവുന്നതാണ് (മനിട്ട്സ് കേരള പപഞ്ചായത്ത് രാജ് നിയമ പ്രകാരം ക്ലോസ് ചെയ്തിരിക്കണം ) (യോഗത്തിൽ അംഗങ്ങളുടെ ഹാജർ 80% ൽ അധികമായിരിക്കണം.) | 5 | lll a | ജില്ലാ പഞ്ചായത്ത് അവാർഡിന് പരിഗണിക്കു സാമ്പത്തിക വർഷം 12 യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗ ത്തിനും 1 മാർക്ക് നൽകാവുന്ന താണ് (മിനിട്ട്സ് കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ക്ലോസ് ചെയ്തിരിക്കണം ) (യോഗത്തിൽ അംഗങ്ങളുടെ ഹാജർ 80% -ൽ അധിക മായിരിക്കണം.) | 5 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 9. | VIII 2. | മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കൽ നടപടി തൃപ്തികരമായി പൂർത്തീകരിച്ച (2017–18 സാമ്പത്തിക വർഷം) പഞ്ചായത്തിന് താഴെപറയുന്ന ക്രമത്തിൽ മാർക്ക് നൽകാവുന്നതാണ് | | VIII 2. | മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളി ലെ പരാമർശങ്ങൾ തീർപ്പാക്കൽ നടപടി തൃപ്തികരമായി പൂർത്തീ കരിച്ച (2018–19 സാമ്പത്തിക വർഷം) പഞ്ചായത്തിന് താഴെ പറയുന്ന ക്രമത്തിൽ മാർക്ക് നൽകാവുന്നതാണ് | | |
| 10. | XII 1 | 2019 മാർച്ച് 31 ന് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള (2019–20) വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചി ട്ടുണ്ടെങ്കിൽ | 3 മാർക്ക് | XII 1 | 2020 മാർച്ച് 31 ന് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേ ക്കുള്ള (2020–21) വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിൽ | 3 മാർക്ക് | |

# സ്വരാജ് ട്രോഫി

## 2019-20 ലെ മികച്ച ബ്ലോക്ക് പഞ്ചായത്ത് തിരഞ്ഞെടുപ്പ്

മികച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ തിരഞ്ഞെടുപ്പിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ - സംബന്ധിച്ച്

**A. അർഹതാ മാനദണ്ഡങ്ങൾ**

1. അവാർഡ് വർഷം വികസന ഫണ്ട് 60 % ചെലവഴിച്ചിരിക്കണം. (SCSP, TSP എന്നീ ഇനങ്ങളിൽ 60 % കുറയാതെ)
2. 2019-20 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് നിശ്ചിത തീയതിയ്ക്കകം സമർപ്പിച്ചിരിക്കണം (31.07.2019)
3. മെയിന്റനൻസ് ഫണ്ട് 60 % തുക ചെലവഴിച്ചിരിക്കണം..

**കുറിപ്പ് —** അവാർഡ് പരിഗണനാവർഷം സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി പഞ്ചായത്തിനെതിരെ വകുപ്പുതല/വിജിലൻസ് നടപടികൾ നിലവിലുണ്ടെങ്കിൽ അത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിരിക്കണം.

**B. അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾ താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി മാർക്ക് നൽകാവുന്നതാണ് (ആകെ മാർക്ക് 100)**

**I വികേന്ദ്രീകരണ ആസൂത്രണം** (24 മാർക്ക്)

1. പദ്ധതി വിഹിതം ചെലവ് 80 % ന് മുകളിൽ 100 % വരെ

(1) പൊതുവിഹിതം

| | | | |
|---|---|---|---|
| (i) | 60 % ന് മുകളിൽ 80 % വരെ | - | 1 മാർക്ക് |
| (ii) | 80 % ന് മുകളിൽ 99 % വരെ | - | 2 മാർക്ക് |
| (iii) | 100 % | - | 3 മാർക്ക് |

(2) SCSP

| | | | |
|---|---|---|---|
| (i) | 60 % - 80 % വരെ | - | 1 മാർക്ക് |
| (ii) | 81 % - 99 % വരെ | - | 2 മാർക്ക് |
| (iii) | 100 % | - | 3 മാർക്ക് |

(3) TSP

| | | | |
|---|---|---|---|
| (i) | 60 % - 80 % വരെ | - | 1 മാർക്ക് |
| (ii) | 81 % - 99 % വരെ | - | 2 മാർക്ക് |
| (iii) | 100 % | - | 3 മാർക്ക് |

കുറിപ്പ് :- 1) റ്റി.എസ്.പി വിഹിതം ഇല്ലാത്ത ബ്ലോക്ക് പഞ്ചായത്തിന് എസ്.സി.എസ്.പി വിഹിതത്തിൽ ലഭിക്കുന്ന മാർക്കിന്റെ അനുപാതത്തിൽ മാർക്ക് നൽകേണ്ടതാണ്. മാർക്കിന്റെ ശരാശരി എടുക്കേണ്ടതാണ്.

2) വികസന ഫണ്ട് ചെലവ് സംബന്ധിച്ച മാനദണ്ഡത്തിലെ സ്പിൽഓവർ ഒഴികെ എന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്.

2. പൊതുവിഭാഗം പദ്ധതിയുടെ ആകെ ചെലവിൽ ഉത്പാദന മേഖലയിലെ ചെലവ് ശതമാനം

| | | |
|---|---|---|
| (i) 30 % ൽ കൂടുതലാണെങ്കിൽ | - | 1 മാർക്ക് |
| (ii) 35 % ൽ കൂടുതലാണെങ്കിൽ | - | 2 മാർക്ക് |

3. വനിത ഘടക പദ്ധതിക്കായി (WCP) ചെലവഴിച്ച തുക മൊത്തം വികസന ഫണ്ടിന്റെ

| | | |
|---|---|---|
| (i) 10 % മുതൽ 15 % വരെ | - | 1 മാർക്ക് |
| (ii) 15 % -ന് മുകളിൽ | - | 2 മാർക്ക് |

4. വയോജനക്ഷേമം, പാലിയേറ്റീവ് പരിചരണത്തിന് ചെലവഴിച്ച തുക മൊത്തം വികസന ഫണ്ടിന്റെ

| | | |
|---|---|---|
| (i) 5 % മുതൽ 7 % വരെ | - | 1 മാർക്ക് |
| (ii) 7 % -ന് മുകളിൽ | - | 2 മാർക്ക് |

5. ഭിന്നശേഷിക്കാർ, ട്രാൻസ് ജെൻഡേഴ്സ്, കുട്ടികൾ എന്നീ വിഭാഗങ്ങൾക്ക് ചെലവഴിച്ച തുക മൊത്തം വികസന ഫണ്ടിന്റെ

| | | |
|---|---|---|
| (i) 5 % മുതൽ 7 % വരെ | - | 1 മാർക്ക് |
| (ii) 7 % -ന് മുകളിൽ | - | 2 മാർക്ക് |

6. പാർപ്പിട മേഖലയും (ലൈഫ്, പി.എം.എ.വൈ (ഗ്രാമീൺ) അധിക വിഹിതം) ചെലവ് ആകെ വികസന ഫണ്ടിന്റെ 20% ൽ കുറയാതെയുള്ള ബ്ലോക്ക് പഞ്ചായത്തിന് - 2 മാർക്ക്

7. പൊതുവിഭാഗം വികസനഫണ്ടിന്റെ 10 % തുക മാലിന്യ സംസ്കരണത്തിനും ജലസംരക്ഷണത്തിനും (ഹരിത കേരളം പ്രോജക്ടുകൾക്ക്) ചെലവഴിച്ചിട്ടുണ്ടെങ്കിൽ - 2 മാർക്ക്

8. നൂതനവും അനുകരണീയവുമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയിട്ടുള്ള ബ്ലോക്ക്പഞ്ചായത്തുകൾക്ക് (മുൻകാലങ്ങളിൽ സമർപ്പിച്ചിട്ടില്ലാത്തതും. ശുചിത്വമേഖലയുമായി ബന്ധപ്പെടാത്തതും) അപേക്ഷയോടൊപ്പം പ്രോജക്ട് വിശദാംശങ്ങൾ പ്രത്യേകം ഉൾപ്പെടുത്തിയിരിക്കണം. - 3 മാർക്ക്

**II മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) (4 മാർക്ക്)**

| | | |
|---|---|---|
| 60 % ചെലവിന് | - | 1 മാർക്ക് |
| 61 % മുതൽ 80 വരെ | - | 2 മാർക്ക് |
| 81 % മുതൽ 100 വരെ | - | 4 മാർക്ക് |

III **ബ്ലോക്ക് പഞ്ചായത്ത് യോഗം/സ്റ്റാന്റിംഗ് കമ്മിറ്റി യോഗം/ സ്റ്റിയറിംഗ് കമ്മിറ്റി യോഗങ്ങൾ (11 മാർക്ക്)**

a) ബ്ലോക്ക് പഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം 12 യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗത്തിനും 1 മാർക്ക് വീതം പരമാവധി 5 മാർക്ക് നൽകാവുന്നതാണ്. (യോഗത്തിൽ അംഗങ്ങളുടെ ഹാജർ 80% ൽ അധികമായിരിക്കണം) — 5 മാർക്ക്

b) സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗങ്ങളിൽ — 3 മാർക്ക്

i. ധനകാര്യം / വികസനം/ ക്ഷേമം/ ആരോഗ്യം- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി കളുടെ ശരാശരി യോഗങ്ങളുടെ എണ്ണം കണക്കാക്കിയതിന് ശേഷം 12ൽ കൂടുതലുള്ള ഓരോ യോഗത്തിനും 1 മാർക്ക് വീതം പരമാവധി 3 മാർക്ക് നൽകാവുന്നതാണ്. (എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിയമാനുസൃതം കൂടിയിരിക്കണം.)

ii. സ്റ്റിയറിംഗ് കമ്മിറ്റിയോഗം 6ൽ കൂടുതൽ നടത്തിയിട്ടുണ്ടെങ്കിൽ — 1 മാർക്ക്

iii. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം 6ൽ കൂടുതൽ നടത്തിയിട്ടുണ്ടെങ്കിൽ — 1 മാർക്ക്

iv. ബ്ലോക്ക് പഞ്ചായത്ത് യോഗനടപടികൾ സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ടെങ്കിൽ — 1 മാർക്ക്

ഇല്ലെങ്കിൽ നെഗറ്റീവ് 1 മാർക്ക്

IV **ശുചിത്വ പരിപാടികൾ (5 മാർക്ക്)**

ബ്ലോക്ക് പഞ്ചായത്ത് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി/ആർ.ആർ.എഫ് (റിസോഴ്സ് റിക്കവറി ഫെസിലിറ്റി),മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി / പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ച് വിജയകരമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ — 5 മാർക്ക്

ആർ.ആർ.എഫ് (റിസോഴ്സ് റിക്കവറി ഫെസിലിറ്റി)/പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് എന്നിവയ്ക്ക് വേണ്ടി കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുകയും മെഷീനറികൾ വാങ്ങുകയും ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത് ബ്ലോക്ക് പഞ്ചായത്തുകൾ — നെഗറ്റീവ് 1 മാർക്ക്

V **ഗതാഗതം (3 മാർക്ക്)**

a) ബ്ലോക്ക് പഞ്ചായത്ത് റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ — 2 മാർക്ക്

b) റോഡ് ടാറിംഗ് പ്രവർത്തികൾക്ക് നാറ്റ് പാക് നിർദ്ദേശപ്രകാരമുള്ള പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ — 1 മാർക്ക്

VI **ഊർജ്ജം (1 മാർക്ക്)**

ബ്ലോക്ക് പഞ്ചായത്ത്, കാര്യക്ഷമമായി സോളാർ പദ്ധതികൾ നടപ്പിലാക്കി KSEB പവർ ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിൽ — 1 മാർക്ക്

VII **പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭ്യമായ സേവനങ്ങൾ (2 മാർക്ക്)**

(i) പട്ടികജാതി/ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് വിദ്യാഭ്യാസം, വിദേശത്ത് തൊഴിൽ തേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, കായിക വികസനം, വരുമാന വർദ്ധന സംരംഭങ്ങൾ എന്നിവയ്ക്കായി പ്രോജക്ടുകൾ (ഓരോന്നിനും $\frac{1}{2}$ മാർക്ക് – പരമാവധി 2 മാർക്ക് വരെ) — 2 മാർക്ക്

VIII **കായിക വികസനം (3 മാർക്ക്)**

(i) മിനിസ്റ്റേഡിയം/കളിസ്ഥലം സ്ഥാപിച്ചതിന് — 1 മാർക്ക്

(ii) ബ്ലോക്ക് പഞ്ചായത്ത് യൂത്ത് ക്ലബ്ബ് ഏകോപന സമിതി രൂപീകരിച്ച് കായിക മത്സരങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ — 1 മാർക്ക്

(ii) കേരളോത്സവത്തിൽ മാതൃകാപരമായ നടത്തിപ്പും പങ്കാളിത്തവും — 1 മാർക്ക്

IX **വ്യവസായം (1 മാർക്ക്)**

ബ്ലോക്ക് പഞ്ചായത്തുതല ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള വ്യവസായ മേഖലയിലെ പ്രോജക്ടുകളിലൂടെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ ഉള്ള ബ്ലോക്ക് പഞ്ചായത്തുകൾ — 1 മാർക്ക്

X **കേന്ദ്രാവിഷ്കൃത പദ്ധതികൾ (15 മാർക്ക്)**

(i) PMAY(G)- ബ്ലോക്ക് പഞ്ചായത്തിലെ 2019-20-ലെ വീടുകളുടെ നിർമ്മാണ പുരോഗതി അടിസ്ഥാനപ്പെടുത്തി.

1. ഭൗതികലക്ഷ്യം (51% മുതൽ 60% വരെ) — 1 മാർക്ക്
2. ഭൗതികലക്ഷ്യം (61% മുതൽ 70% വരെ) — 2 മാർക്ക്
3. ഭൗതികലക്ഷ്യം (71% മുതൽ 80% വരെ) — 3 മാർക്ക്

(ii) ലൈഫ് പദ്ധതി

1. ലൈഫ് മിഷനായി സ്ഥലം കണ്ടെത്തി നൽകിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്തിന് — 2 മാർക്ക്
2. ഭൗതികലക്ഷ്യം പൂർത്തീകരണം -(81% മുതൽ 100 % വരെ) — 1 മാർക്ക്

**(iii)** MGNREGA

(i) പദ്ധതിയുടെ സംയോജനത്തിലൂടെ (Convergence) സ്ഥായിയായ ആസ്തികൾ (ഉദാ:-ടോയ് ലെറ്റ്, മഴവെള്ള റീചാർജ്ജിംഗ്, കോഴിക്കൂട്, ആട്ടിൻകൂട്, തൊഴുത്ത്, നടപ്പാത, പാർപ്പിട മേഖലയിലെ മെറ്റീരിയൽ കമ്പോണന്റ് ഉൾപ്പെട്ട പ്രവൃത്തികൾ സൃഷ്ടിക്കുന്നതിന് നേതൃത്വം നൽകിയ ബ്ലോക്ക് പഞ്ചായത്തിന്) — 3 മാർക്ക്

(ii) ജലസ്രോതസ്സുകളുടെ നവീകരണം, നഴ്സറി നിർമ്മാണം, അംഗൻവാടി നിർമ്മാണം മുതലായ പ്രവർത്തികൾ — 2 മാർക്ക്

(iii) MGNREGA

40% material component ചെലവഴിക്കുന്നതിന് നേതൃത്വം നൽകിയ ബ്ലോക്ക് പഞ്ചായത്തിന് — 2 മാർക്ക്

(iv) ഏതെങ്കിലുമൊരു കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ ലഭ്യമായ പദ്ധതി തുക പൂർണ്ണമായും ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്ത് — 2 മാർക്ക്

## XI കൃഷി (5 മാർക്ക്)

1. ജൈവകൃഷി — 1 മാർക്ക്
2. തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ — 1 മാർക്ക്
3. കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കൽ — 1 മാർക്ക്
4. തരിശുരഹിത ബ്ലോക്ക് പഞ്ചായത്ത് — 1 മാർക്ക്
5. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ വിപണന കേന്ദ്രങ്ങൾ — 1 മാർക്ക്

## XII ഓഡിറ്റ് (5 മാർക്ക്)

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കംപ്ട്രോളർ ആന്റ് ഓഡിറ്റ് ജനറൽ നൽകിയ ആഡിറ്റ് റിപ്പോർട്ടുകൾ മുപ്പത് ദിവസത്തിനുള്ളിൽ ആദ്യ മറുപടി സമർപ്പിച്ചിട്ടുണ്ടെങ്കിൽ — ½ മാർക്ക്
2. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കൽ നടപടി തൃപ്തികരമായി പൂർത്തീകരിച്ച (2019-20 സാമ്പത്തിക വർഷം) ബ്ലോക്ക് പഞ്ചായത്തുകൾക്ക് താഴെപ്പറയുന്ന ക്രമത്തിൽ മാർക്ക് നൽകാവുന്നതാണ്.
   a) കേരള സംസ്ഥാന ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ
      (i) 50 – 75 % വരെ — ½ മാർക്ക്
      (ii) 76 – 90 % വരെ — 1 മാർക്ക്
      (iii) 91 – 100 % വരെ — 1 ½ മാർക്ക്
   b) കംപ്ട്രോളർ ആന്റ് ആഡിറ്റ് ജനറലിന്റെ പരാമർശങ്ങൾ തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ
      (i) 50 - 75% വരെ — ½ മാർക്ക്
      (ii) 76 - 90% വരെ — 1 മാർക്ക്
      (iii) 91 - 100% വരെ — 1 ½ മാർക്ക്
3. 2019-20 സാമ്പത്തിക വർഷം മേൽപറഞ്ഞ ആഡിറ്റ് ഏജൻസികളുടെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം പരാമർശങ്ങളൊന്നും ഇല്ലാത്ത ബ്ലോക്ക് പഞ്ചായത്തിന് — ½ മാർക്ക്
4. നിർവ്വഹണം നടത്തിയ എല്ലാ പദ്ധതികളുടെയും സോഷ്യൽ ആഡിറ്റ് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ — 1 മാർക്ക്

## XIII കമ്പ്യൂട്ടർവൽക്കരണം (4 മാർക്ക്)

(i) ബ്ലോക്ക് പഞ്ചായത്ത് ആഫീസിലെ എല്ലാ സെക്ഷനുകളിലും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ — 1 മാർക്ക്

(ii) പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുവെങ്കിൽ — 1 മാർക്ക്

(iii) ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് കാലികമാക്കിയിട്ടുണ്ടെങ്കിൽ

1 മാർക്ക്

(iv) ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെങ്കിൽ 1 മാർക്ക്

**XIV ISO സർട്ടിഫിക്കേഷൻ(1 മാർക്ക്)**

ബ്ലോക്ക് പഞ്ചായത്ത് ISO സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ/
ബ്ലോക്ക് പഞ്ചായത്ത് ISO സർട്ടിഫിക്കറ്റ് യഥാസമയം
പുതുക്കിയിട്ടുണ്ടെങ്കിൽ } 1 മാർക്ക്
പുതുക്കിയിട്ടില്ലെങ്കിൽ (ബാധകമായത്) നെഗറ്റീവ് 1 മാർക്ക്

**XV പൊതുജനങ്ങൾക്കായി ലഭ്യമാക്കിയ സേവനങ്ങൾ (6 മാർക്ക്)**

(i) ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലും സ്ത്രീ സൗഹൃദ/ബാലസൗഹൃദ/വയോജന സൗഹൃദ സ്ഥാപനങ്ങൾ ആക്കിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

(ii) ബ്ലോക്ക് പഞ്ചായത്ത്, അതിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ബാരിയേഴ്സ് ഫ്രീ സ്ഥാപനങ്ങൾ ആക്കിയിട്ടുണ്ടെങ്കിൽ 1 മാർക്ക്
അല്ലെങ്കിൽ നെഗറ്റീവ്1 മാർക്ക്

(iii) ബ്ലോക്ക് പഞ്ചായത്തിൽ, പൊതുജനങ്ങൾക്കായി ഇരിപ്പിടം, കുടിവെള്ളം, ടോയിലെറ്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടെങ്കിൽ 1 മാർക്ക്
അല്ലെങ്കിൽ നെഗറ്റീവ് 1 മാർക്ക്

(iii) ബ്ലോക്ക് പഞ്ചായത്തിൽ സേവനങ്ങൾ വിവരിക്കുന്ന ബോർഡ്, ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ സൂചിപ്പിക്കുന്ന ബോർഡ്, 1 മാർക്ക്
പരാതിപ്പെട്ടി, പരാതിപരിഹാര സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ (ഒന്നിന് $\frac{1}{4}$ മാർക്ക് വീതം പരമാവധി 1 മാർക്ക്)

(v) ബ്ലോക്ക് പഞ്ചായത്തിൽ പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ 2 മാർക്ക്
ഇല്ലെങ്കിൽ നെഗറ്റീവ് 1 മാർക്ക്

**XVI <u>പൊതുവിഷയങ്ങൾ (10 മാർക്ക്)</u>**

1. 2020 മാർച്ച് 31-ന് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള (2020-21) വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിൽ $\frac{1}{2}$ മാർക്ക്
2. സപ്ലിമെന്ററി ബഡ്ജറ്റ് തയ്യാറാക്കിയ പഞ്ചായത്തിന് $\frac{1}{2}$ മാർക്ക്
3. 2019-20 വർഷത്തിൽ കുറഞ്ഞത് 75% ഫയലുകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെങ്കിൽ 1 മാർക്ക്
4. എ.ബി.സി പ്രോഗ്രാം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിൽ 1 മാർക്ക്
5. Master incumbency Register കുറ്റമറ്റ രീതിയിൽ തയ്യാറാക്കി കാലികമായിട്ടുണ്ടെങ്കിൽ 1 മാർക്ക്
6. Gender Budget നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

7. ക്ഷീരമേഖലയിൽ കാര്യക്ഷമമായ ഇടപെടലിലൂടെ 2019-20-ൽ പാലുൽപാദനം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ — 2 മാർക്ക്
8. ബ്ലോക്ക്പഞ്ചായത്തിന്റെ കീഴിലുള്ള താലൂക്ക് ആശുപത്രി/സി.എച്ച്.സി/ ബ്ലോക്ക് ലെവൽ പി.എച്ച്.സി എന്നിവ പ്രവർത്തനമാണെങ്കിൽ — 1 മാർക്ക്
9. ഭിന്നശേഷിയുള്ളവർക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ട് കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ — 1 മാർക്ക്
10. നൈപുണ്യ പോഷണ പ്രോജക്ടുകൾ ആരംഭിച്ച് നടപ്പിലാക്കിയ പഞ്ചായത്തിന് — 1 മാർക്ക്

**ആകെ 100 മാർക്ക്**

**മഹാത്മാ അവാർഡ് 2019-20 വർഷത്തെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് മികച്ച ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ**

| ക്രമ നം | സൂചകങ്ങൾ | അനുവദിക്കാവുന്ന മാർക്ക് | സംസ്ഥാന ശരാശരി |
|---|---|---|---|
| 1. | സജീവ തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളിൽ തൻ വർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ ശതമാനം | 65ൽ കൂടുതൽ - 10<br>60നും 65 നും ഇടയിൽ - 5<br>60 ൽ കുറവ് - 0 | 71.95% |
| 2. | പ്രതീക്ഷിത ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങളുടെ ശതമാനം | 100ഉം 100നും മുകളിൽ- 10<br>90നും 100 നും ഇടയിൽ - 5<br>90 ൽ കുറവ് - 0 | 114.61 % |
| 3. | ഒരു കുടുംബത്തിന് ലഭ്യമാക്കിയ ശരാശരി തൊഴിൽദിനങ്ങളുടെ എണ്ണം | 70 അഥവാ കൂടുതൽ - 10<br>50നും 70 നും ഇടയിൽ - 5<br>50 ൽ കുറവ് - 0 | 55.75% |
| 4. | തൊഴിൽ കാർഡ് ലഭിച്ച എസ്.സി/എസ്.ടി കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ ലഭ്യമായ എസ്.സി/എസ്.ടി കുടുംബങ്ങളുടെ ശതമാനം | 70 അഥവാ കൂടുതൽ - 10<br>50നും 70 നും ഇടയിൽ - 5<br>50 ൽ കുറവ് - 0 | 56.70% |
| 5. | പഞ്ചായത്ത് പരിധിയിലെ ആകെ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ ശതമാനം | 25 അഥവാ കൂടുതൽ - 10<br>18നും 25 നും ഇടയിൽ - 5<br>18 ൽ കുറവ് - 0 | 17.42% |
| 6 | സാധന ഘടകത്തിന്റെ ഉപയോഗ ശതമാനം | 25 ശതമാനവും അതിൽ കൂടുതലും - 10<br>15 നും 25നും ഇടയിൽ - 5<br>15ൽ കുറവ് - 0 | 14.26% |
| 7 | നിയമ പ്രകാരമുള്ള 8 ദിവസ കാലാവധിക്കുള്ളിൽ വേതന വിതരണത്തിനായി എഫ്.റ്റി.ഒ. ജനറേറ്റ് ചെയ്യുന്നതിലെ മികവ് | 100% - 10<br>99 നും 100 നും ഇടയിൽ - 5<br>99ൽ കുറവ് - 0 | 98.77% |
| 8 | മുൻ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ച പ്രവൃത്തികളിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ശതമാനം | 98 ഉം അതിൽ കൂടുതലും - 10<br>90 നും 98 നും ഇടയിൽ - 5<br>90ൽ കുറവ് - 0 | 97.77% |